**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4926** **11-08-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ പഞ്ചായത്തിലെ കോടാലി കുടുംബാരോഗ്യ കേന്ദ്രം എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ; | (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 46.7 ലക്ഷം രൂപ ചിലവഴിച്ച് പണികൾ പൂർത്തീകരിച്ചു. കൂടാതെ പുതുക്കാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥനസൗകര്യ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. മറ്റത്തൂർ പഞ്ചായത്തിലെ മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിന്നതിന് 38 ലക്ഷം അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾക്കായി എൻ.എച്ച്.എം ൽ നിന്നും ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് നെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. DPR തയ്യാറാക്കി കൊണ്ടിരിക്കുന്നു. |
| (ബി) | ഇവിടെ കൂടുതൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും സേവനം ലഭ്യമാക്കുന്നതിനും കാരുണ്യ ഫാർമസി അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ഇവിടെ 10 ഡോക്ടർമാർ ഉൾപ്പെടെ 47 സ്ഥിരം ജീവനക്കാരും എൻ.എച്ച്.എം, കോവിഡ് സ്റ്റാഫ്, എച്ച്.എം.സി, ആർ.എസ്.ബി.വൈ, ഐ.സി.റ്റി.സി, പാലിയേറ്റീവ് കെയർ എന്നിവ വഴി 29 ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്. സ്ഥല ലഭ്യതയ്ക്ക് വിധേയമായി പ്രൊപപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഫാർമസി അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | കോവിഡ് പ്രതിരോധ നടപടികളുടെ കാര്യക്ഷമത ഉറപ്പാക്കിക്കൊണ്ട് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ? | (സി) | കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി പുതുക്കാട് മണ്ഡലത്തിൽ നിന്ന് പുതുക്കാട് താലൂക്ക് ആശുപത്രിയെ തിരഞ്ഞെടുത്തിട്ടുണ്ട്. കോവിഡിന്റെ ഭാഗമായി പൂതുക്കാട് താലൂക്ക് ആശുപത്രിയിൽ താൽക്കാലികമായി താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 1 സ്റ്റാഫ് നഴ്സ് 2 2 ഡയാലിസിസ് ടെക്നീഷ്യൻ 2 3 അറ്റൻഡർ ഗ്രേഡ് 2 1 4 ഡേറ്റാ എൻട്രി 1 5 ഫാർമസിസ്റ്റ് 1 കോവിഡിന്റെ ഭാഗമായി മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ |

| | | | |
|---|---|---|---|
| | | | താൽക്കാലികമായി താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. 1 ഡെന്റൽ സർജൻ 1 2 സ്റ്റാഫ് നഴ്സ് 4 3 ലാബ് ടെക്നീഷ്യൻ 1 4 ഹോസ്പിറ്റൽ അറ്റൻഡർ 3 |

സെക്ഷൻ ഓഫീസർ